(സി) പെട്രോൾ, ഡീസൽ എന്നിവയുടെ അടിസ്ഥാന വില നിശ്ചയിക്കുന്നത് എണ്ണക്കമ്പനികളാണ്. ഈ വില നിശ്ചയിക്കുന്നത് അന്താരാഷ്ട്ര വിലയുടെ അടിസ്ഥാനത്തിലാണ്. ഇന്ധനത്തിന്റെ അടിസ്ഥാന വിലയിൽ കസ്റ്റംസ് തീരുവ, കടത്ത് കൂലി, ഇൻഷ്വറൻസ് തുടങ്ങിയ വിവിധ ഘടകങ്ങൾ ഉൾപ്പെടുന്നു. അടിസ്ഥാന വില, എക്സൈസ് തീരുവ, ട്രാൻസ്പോർട്ടേഷൻ ചാർജ് എന്നിവ കണക്കിലെടുത്താണ് ടാക്സബിൾ വാല്യൂ നിശ്ചയിക്കുന്നത്. ഈ ടാക്സബിൾ വാല്യൂവിൻ മേലാണ് സംസ്ഥാനം നിശ്ചിത നിരക്കിൽ വില്പന നികുതി ചുമത്തുന്നത്. 1-3-2015-ലെ കണക്കനുസരിച്ച് ഒരു ലിറ്റർ പെട്രോളിന്റെ റീട്ടെയിൽ (എറണാകുളം ജില്ല) വിലയായ 66.55 രൂപയിൽ 15.55 രൂപയും ഒരുലിറ്റർ ഡീസലിന്റെ റിട്ടെയിൽ (എറണാകുളം ജില്ല) വിലയായ 55.87 രൂപയിൽ 10.78 രൂപയും ആണ് വില്പന നികുതിയായി ഈടാക്കുന്നത്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ ഒരു പ്രധാന സ്രോതസ്സാണ് പെട്രോൾ, ഡീസൽ എന്നിവയിൽ നിന്നുള്ള നികുതി. ഇവയുടെ നികുതി ഘടനയിൽ വൻതോതിലുള്ള കുറവ് വരുത്തിയാൽ അത് റവന്യൂ വരുമാനത്തെ പ്രതികൂലമായി ബാധിക്കുന്നതാണ്. അതിനാൽ അന്താരാഷ്ട്ര വിപണിയിലുണ്ടാകുന്ന കുറവ് എണ്ണക്കമ്പനികൾ നിശ്ചയിക്കുന്ന അടിസ്ഥാന വിലയിലും, എക്സൈസ് ഡ്യൂട്ടിയിലും പ്രതിഫലിച്ചാൽ മാത്രമേ അതിനനുസൃതമായ കുറവ് ഇവയുടെ റീട്ടെയിൽ വിലയിൽ ഉണ്ടാവുകയുള്ളൂ. എന്നിരുന്നാലും ഓരോ പ്രാവശ്യവും വില വർദ്ധനവ്/കുറവ് വരുമ്പോൾ അതിന്റെ തോതുംകൂടി പരിഗണിച്ച് യുക്തമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

സർക്കാർ സേവന ഫീസ് വർദ്ധനവ്

167 (512) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരധികാരമേറ്റശേഷം എത്ര തവണകളിലായി സേവനഫീസ് വർദ്ധിപ്പിച്ചു ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വർദ്ധനവിലെ ഏറ്റവും കൂടിയ വർദ്ധനവ് എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ ;

(സി) പാവപ്പെട്ടവർക്കുമേൽ ഇത്തരം വർദ്ധിപ്പിച്ച സേവന ഫീസുകൾ ഏർപ്പെടുത്താൻ തീരുമാനിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly